II തിരുത്തിയ ഉത്തരം

27-6-2007-ലെ നക്ഷത്രചിഹ്നമിടാത്ത 1100-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ : 12-ാം കേരളനിയമസഭയുടെ 5-ാം സമ്മേളനത്തിൽ 27-6-2007-ലെ നക്ഷത്രചിഹ്നമിടാത്ത 1100-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട വനവും ഭവനനിർമ്മാണവും വകുപ്പ്മന്ത്രിക്ക് സമർപ്പിക്കാവുന്നതാണ്.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : സർ, 12-ാം കേരള നിയമസഭയുടെ 5-ാം സമ്മേളനത്തിൽ 27-6-2007-ലെ നക്ഷത്രചിഹ്നമിടാത്ത 1100-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. †

മി. സ്പീക്കർ : ഓർഡർ.....ഓർഡർ..... ബഹുമാനപ്പെട്ട എം. മുരളി ഉൾപ്പെടെയുള്ള അംഗങ്ങൾ റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. എയ്ഡഡ് സ്ക്കൂളുകളിലും കോളേജുകളിലും ആവശ്യത്തിന് അദ്ധ്യാപകരില്ലാത്തതിനാൽ ഈ മേഖലയിലുണ്ടായിട്ടുള്ള സ്തംഭനാവസ്ഥയെ സംബന്ധിച്ചാണ്. ഇത് സംബന്ധിച്ച് ശ്രീ. മുരളി തന്നെ നേരത്തെ ഒരു സബ്മിഷൻ സമർപ്പിച്ചിരുന്നു. അതുകൊണ്ടുതന്നെ ഈ വിഷയം ഫസ്റ്റ് സബ്മിഷനായി അനുവദിക്കുന്നതാണ്.

III ശ്രദ്ധക്ഷണിക്കൽ

(1) അനധികൃത പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, വളരെ ഗുരുതരമായ സ്ഥിതി വിശേഷം, നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കുന്ന ഒരു പ്രശ്നത്തെപ്പറ്റിയാണ് ഞാൻ ഇവിടെ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള ചില കമ്പനികൾ മൈക്രോ ഫൈനാൻസ് രംഗത്തേക്ക് ഇറങ്ങുകയും അവർ നമ്മുടെ സാമൂഹിക സാംസ്ക്കാരിക സാമ്പത്തിക രാഷ്ട്രീയ മണ്ഡലങ്ങളിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന വിധത്തിലുള്ള സാമ്പത്തിക ഇടപാടുകളാണ് നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നത്. ആ ഇടപാടുകൾ ഗവൺമെന്റ് അറിഞ്ഞിട്ടുണ്ടോ ; അതല്ലെങ്കിൽ വ്യവസ്ഥാപിതമായി ഇതിനുള്ള അനുവാദം ഈ കമ്പനികൾ വാങ്ങിയിട്ടുണ്ടോ എന്നുള്ള കാര്യമാണ് പ്രത്യേകം പരിശോധിക്കേണ്ടത്. ഈ അടുത്തകാലത്ത് വളരെ പ്രശസ്തമായ രീതിയിൽ നടക്കുന്നു എന്ന് പറയപ്പെടുന്ന 'എസ്. കെ. എസ്. മൈക്രോ ഫൈനാൻസ്' എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന കമ്പനിയുടെ ഒരു പ്രൊഫൈൽ ഒരു മുഖ്യധാര പത്രത്തിൽ വന്നു. അത് മുഴുവൻ ഞാൻ വായിക്കുന്നില്ല. അതിന്റെ പ്രസക്തഭാഗം ഞാൻ വായിക്കാം - "എസ്. കെ. എസ്. കേരളത്തിൽ 1,20,000 വനിതകൾക്ക് വായ്പ

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

9. ഉദ്യോഗാർത്ഥികൾക്ക് പരമാവധി പ്രയോജനപ്പെടത്തക്ക രീതിയിൽ എൻകയറി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. പി.എസ്.സി. സംബന്ധിച്ച വിവരങ്ങൾ S.M.S.-ലൂടെ നൽകാനുള്ള നടപടിയും പുരോഗമിച്ചു വരുന്നു. ഇതു കൂടാതെ എല്ലാ ജില്ലാ ഓഫീസുകളിലും എൻകയറി വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

10. പി.എസ്.സി. യുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ പി.എസ്.സി. ബുള്ളറ്റിനിൽ പി.എസ്.സി.യെ സംബന്ധിച്ച അറിയിപ്പുകളും പരീക്ഷാ/ ഇന്റർവ്യൂ/സർട്ടിഫിക്കറ്റ് പരിശോധനാ തീയതികൾ, ഷോർട്ട് ലിസ്റ്റുകൾ, സാധ്യതാ ലിസ്റ്റുകൾ, റാങ്ക് ലിസ്റ്റുകൾ തുടങ്ങിയവയും പ്രസിദ്ധീകരിക്കുന്നു.

11. അത്യാധുനിക സ്കാനറുകൾ ഉപയോഗിച്ച് അപേക്ഷകൾ നിമിഷ നേരംകൊണ്ട് സ്കാൻ ചെയ്ത് സ്റ്റോർ ചെയ്യുന്നു.

12. 2011 ജനുവരി മാസത്തിൽ ആരംഭിക്കുന്ന ഡിപ്പാർട്ടുമെന്റൽ പരീക്ഷയ്ക്കുള്ള അപേക്ഷകൾ 'ON LINE' വഴി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി.യ്ക്ക് 101 അധിക തസ്തികകൾ അനുവദിച്ചു. ഈ വിഭവശേഷി കൂടി പ്രയോജനപ്പെടുത്തി സമയബന്ധിതമായി തെരഞ്ഞെടുപ്പുകൾ പൂർത്തിയാക്കാനുള്ള ശ്രമം തുടരുന്നു.

സമയബന്ധിതവും കൃത്യതയും ഉദ്യോഗാർത്ഥികൾക്ക് വിശ്വാസ്യവുമായ നിലയിൽ പ്രവർത്തനങ്ങൾ കൊണ്ടുപോകുന്നതിന് കെ.പി.എസ്.സി സ്വീകരിച്ച നടപടികളിൽ പലതും യു.പി.എസ്.സി.യേക്കാൾ മെച്ചമാണ്.

അനുബന്ധം IV

[26-7-2007-ലെ നക്ഷത്രചിഹ്നമിടാത്ത 1100-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം]

കാഞ്ഞിരത്തിനാൽ ജോർജ്, ജോസ് എന്നിവരുടെ ഭൂമി

(1100) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ കാഞ്ഞിരങ്ങാട് വില്ലേജിൽ സർവ്വെ നമ്പർ 238/1-ൽ കാഞ്ഞിരത്തിനാൽ ജോർജ്ജ്, കാഞ്ഞിരത്തിനാൽ ജോസ് എന്നിവരുടെ ഉടമസ്ഥതയിൽ ഉള്ള ആറ് ഏക്കർ വീതം ഭൂമിയിൽ വനം വകുപ്പ് അവകാശ വാദം ഉന്നയിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഭൂമി വനഭൂമിയാണെന്ന് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിജ്ഞാപനം ചെയ്ത തീയതി വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1971-ലെ കേരള സ്വകാര്യവനം (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) നിയമപ്രകാരം, കാഞ്ഞിരത്തിനാൽ ജോർജ്ജ്, ജോസ് എന്നിവരുടെ ഭൂമി നിക്ഷിപ്ത വനഭൂമിയാണെന്നാണ് വനം വകുപ്പിന്റെ രേഖകളിൽ കാണുന്നത്. കാഞ്ഞിരത്തിനാൽ ജോർജ്ജ്, ജോസ് എന്നിവർ ടി ഭൂമിയിന്മേൽ അവകാശവാദം ഉന്നയിച്ച് കോഴിക്കോട് വനം ട്രിബ്യൂണലിൽ ഒ.എ.356/76 സമർപ്പിക്കുകയും ബഹുമാനപ്പെട്ട ട്രിബ്യൂണൽ 18-2-1985-ലെ വിധി പ്രകാരം ഈ ഭൂമിയിൽ 75 സെന്റ് ഒഴികെ ബാക്കി വനമാണെന്ന് പ്രഖ്യാപിച്ച് അന്തിമവിധിയായിട്ടുള്ളതുമാണ്.

(സി) ഇല്ല. എന്നാൽ ശ്രീ. കാഞ്ഞിരത്തിനാൽ ജോർജ്ജും ടിയാന്റെ സഹോദരൻ ജോസും അവകാശവാദം ഉന്നയിക്കുന്ന 12 ഏക്കർ ഭൂമി 1971-ലെ കേരള സ്വകാര്യ വനം (നിക്ഷിപ്തമാക്കലും പതിച്ചുനൽകലും) നിയമം അനുസരിച്ച് 10-5-1971-ന് സർക്കാരിലേക്ക് നിക്ഷിപ്തമായിട്ടുള്ളതാണെന്നാണ് വനം വകുപ്പിന്റെ രേഖകളിൽ കാണുന്നത്.

(ഡി & ഇ) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly